LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുകയാണ് സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുക എന്നതാണ് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. വായ്പാ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുക, അതുവഴി നിക്ഷേപകർക്ക്, സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ നിക്ഷേപകരെ ആകർഷിക്കുക തുടങ്ങിയവയാണ് ബോർഡിന്റെ മുഖ്യലക്ഷ്യങ്ങൾ.

(സി) സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ഫലപ്രദമായി നടപ്പാക്കാൻ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചു. നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ ചേരണമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും, സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതിൽനിന്നും വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തി വ്യവസ്ഥ ഉൾപ്പെടുത്തിയും കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങൾ

148 (515) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ നിയമം അനുസരിച്ച് പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം വെളിപ്പെടുത്തുമോ ;

(ബി) ഏതൊക്കെ വിഭാഗങ്ങളിലായിട്ടാണ് എല്ലാ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(സി) ക്രെഡിറ്റ് മേഖലയിൽ രജിസ്റ്റർ ചെയ്യപ്പെട്ടവർ എത്രയെന്നും ഇതര മേഖലകളിൽ ഉള്ളവർ എത്രയെന്നും വെളിപ്പെടുത്തുമോ ;

(ഡി) പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട എത്ര സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ അഫിലിയേഷൻ നൽകിയിട്ടുണ്ട് ;

(ഇ) നിലവിൽ സംസ്ഥാനത്തെ ഓരോ ജില്ലാ സഹകരണ ബാങ്കിലും അഫിലിയേഷനുള്ള സംഘങ്ങൾ എത്ര ; അവ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവ ; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ 1798 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	305
കൊല്ലം	140
പത്തനംതിട്ട	52
കോട്ടയം	86
ഇടുക്കി	61
ആലപ്പുഴ	51
എറണാകുളം	136
തൃശ്ശൂർ	151
പാലക്കാട്	109
മലപ്പുറം	125
കോഴിക്കോട്	223
വയനാട്	31
കണ്ണൂർ	202
കാസർഗോഡ്	100
ഒന്നിൽ കൂടുതൽ ജില്ലകളായോ സംസ്ഥാനം മുഴുവനായോ പ്രവർത്തന പരിധിയായുള്ള സംഘങ്ങൾ	26
ആകെ	1,798

LIBRARY ARCHIVES Kerala Legislative Assembly

(ബി) വായ്പ, മാർക്കറ്റിംഗ്, ആന്റ് പ്രോസസിംഗ് കൺസ്യൂമർ, ഫാമിംഗ്, പ്രൊഡ്യൂസേഴ്സ് ആശ്രുപത്രി, പട്ടികജാതി/പട്ടികവർഗ്ഗം, വിദ്യാഭ്യാസം, ലേബർ കോൺട്രാക്ട്, വനിത, ടൂറിസം, പലവക എന്നീ വിഭാഗങ്ങളിലായാണ് ഇവ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) ക്രെഡിറ്റ് മേഖലയിൽ 378 സംഘങ്ങളും ഇതര മേഖലകളിൽ 1420 സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടതിൽ 838 സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ അഫിലിയേഷൻ നൽകിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ ഓരോ ജില്ലാ സഹകരണ ബാങ്കിലും അഫിലിയേഷനുള്ള സംഘങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	1751
കൊല്ലം	1045
പത്തനംതിട്ട	513
ആലപ്പുഴ	1189
കോട്ടയം	868
ഇടുക്കി	536
എറണാകുളം	822
തൃശ്ശൂർ	932
പാലക്കാട്	607
മലപ്പുറം	292
കോഴിക്കോട്	690
വയനാട്	312
കണ്ണൂർ	1405
കാസർഗോഡ്	563

ഇവ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നു എന്ന ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly